01/11/2024

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/11/2024

1. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2023 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് അപേഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന വ്യക്തികളെയും മികച്ച ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതികളെയും (ബി.എം.സി). കാവുകളെയും, വിദ്യാഭ്യാസസ്ഥാപനങ്ങളെയും, മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് 'കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം'. അപേക്ഷകൾ ഓൺലൈൻ ആയും ഓഫ്‌ലൈൻ ആയും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ഓൺലൈനായി ksbbawards@gmail.com എന്ന ഈ മെയിൽ വഴി അയക്കാവുന്നതാണ്. തപാൽ വഴിയോ നേരിട്ടോ അപേക്ഷയുടെ ഹാർഡ്കോപ്പി അനുബന്ധ രേഖകൾസഹിതം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം റ്റി സി 24/3219, നം 43 ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം 69003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. വിശദവിവരങ്ങളും അപേക്ഷയുടെ മാതൃകയും www.korabbiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 15 ന് വൈകുന്നേരം 5 മണിയാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471 2724740

2. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കുട്ടനാടൻ താറാവുകളുടെ മെച്ചപ്പെട്ട ഇനമായ **ചൈത്ര താറാവുകളുടെ** വില്പനയ്ക്കായുള്ള ബുക്കിംഗ് ആരംഭിച്ചു

ബുക്കിങ്ങിനായി എന്ന 9400483754 നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ബന്ധപ്പെടാവുന്നതാണ്.

3. ക്ഷീര വികസന വകുപ്പ് മാഞ്ഞൂർ യൂണിറ്റ് - കാണക്കാരി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതി 2024-25 പ്രകാരം കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡിക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ കാണക്കാരി ഗ്രാമപഞ്ചായത്തിൻ്റെ പരിധിയിൽ വരുന്ന ക്ഷീരസംഘങ്ങളിൽനിന്നു ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ നവംബർ അഞ്ചിനുള്ളിൽ സംഘങ്ങളിൽ നൽകണം. ക്ഷീര സംഘത്തിൽ പാൽ അളക്കാത്ത കർഷകർ അപേക്ഷയോടൊപ്പം വെറ്ററിനറി സർജൻ്റെ സാക്ഷ്യപത്രവും നൽകണം. വിശദവിവരങ്ങൾക്ക് 04829-243878 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിവിധ പദ്ധതികൾക്ക് നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതായി റിജിയണൽ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പുതുക്കിയ ആനുകൂല്യങ്ങളുടെയും നടപ്പിലാക്കിയ പുതിയ പദ്ധതികളുടെയും വിവരങ്ങൾ ഫിഷറീസ് ഓഫീസുകളിൽ നിന്നും അറിയാവുന്നതാണ്. പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ ക്ഷേമനിധി അംഗങ്ങൾ പുതുക്കിയ നിരക്കിലുള്ള അംശാദായം അടയ്ക്കണം. അതതു ഓഫീസുകളിലോ ഫിഷറീസ് ഓഫീസർ പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിലോ പണം അടച്ച് രസീത് കൈപ്പറ്റാവുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

## പരിശീലന പരിപാടി

5. തൃശ്ശൂർ ജില്ലകളിലെ ക്ഷീരകർഷകർ, സംരംഭകർ എന്നിവർക്കായി പാലക്കാട് ജില്ലയിലെ ആലത്തൂർ വാനൂരിലെ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് "ശാസ്ത്രീയ പശുപരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. നവംബർ 4 മുതൽ 8 വരെയാണ് പരിശീലനം. ആധാർ / തിരിച്ചറിയൽ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നീ രേഖകൾ സഹിതം കർഷകർക്ക്പരിശീലനത്തിൽ പങ്കെടുക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ളവർ നവംബർ രണ്ടിന് വൈകീട്ട് നാലു മണിക്ക് മുമ്പായി dd-dtc-pkd.dairy@kerala.gov.in/ dtcalathur@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 04922- 226040, 9446521303 എന്നീ ഫോൺ നമ്പറുകൾ മുഖേനയോ രജിസ്റ്റർ ചെയ്യണം.

കാർഷിക നിർദേശം

നെല്ല് -ഓലച്ചുരുട്ടിപ്പുഴു

നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനീലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

ഏലം

ഏലപ്പേനിൻറെ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ട്. അഴുകൽ രോഗത്തെ പ്രതിരോധിക്കാൻ ബോർഡോമിശ്രിതം 500-1000 മില്ലി/ഒരു മൂടിന് എന്ന തോതിൽ തളിക്കണം. തണ്ട് പൂക്കുല തുരപ്പനെതിരെ ജാഗ്രത പാലിക്കുക. കടചീയൽ രോഗത്തെ ചെറുക്കുവാൻ ട്രൈക്കോഡേർമ, സ്യൂഡോമോണാസ് കൾചറുകൾ ഉപയോഗിക്കുക. കൃഷിയിടം കളവിമുക്തമാക്കി സൂക്ഷിക്കുക.ഏലപ്പേനിനെതിരേ ജാഗ്രത പാലിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം